# എൽ.ഡി.എഫ് ഗവൺമെന്റിന്റെ രണ്ടു വർഷം

**കേരളത്തിലെ** എൽ.ഡി.എഫ് ഗവൺമെന്റ് രണ്ടു വർഷം പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. സർക്കാറിന്റെ ഗുണദോഷങ്ങൾ വിലയിരുത്താൻ പര്യാപ്തമാണ് മൊത്തം കാലാവധിയുടെ പകുതിയോളം വരുന്ന രണ്ടു വർഷം. എൽ.ഡി.എഫ് സംസ്ഥാനത്ത് പാലും തേനും ഒഴുക്കുമെന്ന് വ്യാമോഹിച്ചിട്ടൊന്നുമല്ല ജനങ്ങൾ അവരെ അധികാരമേൽപിച്ചത്. എൽ.ഡി.എഫിനെ അധികാരത്തിലെത്തിച്ചത് മുൻ യു.ഡി.എഫ് ഗവൺമെന്റിന്റെ അഴിമതിയും കെടുകാര്യസ്ഥതയും നിറഞ്ഞ ദുർഭരണത്തിൽ സഹികെട്ടവരുടെ നിഷേധവോട്ടുകളാണ്. എങ്കിലും മുൻ ഗവൺമെന്റിന്റെ ജീർണതകളിൽനിന്ന് മുക്തവും സാമാന്യ ജനത്തിന് തെല്ലൊക്കെ സമാധാനവും ആശ്വാസവും നൽകുന്നതുമായ ഒരു ഭരണം ന്യായമായും അവർ പ്രതീക്ഷിച്ചു. സർക്കാറിന്റെ കഴിഞ്ഞ രണ്ടു കൊല്ലത്തെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആ പ്രതീക്ഷ അസ്ഥാനത്തായിരുന്നു എന്നാണ് കാണാൻ കഴിയുക. യു.ഡി.എഫ് ഗവൺമെന്റിൽ ജനങ്ങൾക്ക് ദുസ്സഹമായി തോന്നിയ ജീർണതകൾ അതേ അളവിലോ അതിൽ കൂടുതലോ എൽ.ഡി.എഫ് ഗവൺമെന്റിനെയും ബാധിച്ചതായിട്ടാണ് കാണുന്നത്.

"കർമനിരതം.... വികസനോന്മുഖം.... അഴിമതി രഹിതം.... ഇടതുപക്ഷ മുന്നണി സർക്കാർ ശക്തമായ ചുവടുവെപ്പുകളുമായി രണ്ടു വർഷം പൂർത്തിയാക്കുന്നു-ചരിത്രത്തിലിടം നേടിയ നേട്ടങ്ങളിലൂടെ." രണ്ടാം വാർഷികം പ്രമാണിച്ച് സർക്കാർ ലക്ഷങ്ങൾ ചെലവഴിച്ച് വാർത്താ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച പരസ്യത്തിലെ വാചകമാണിത്. പരസ്യം ഒരു വിപണന തന്ത്രമാണ്. ഉൽപന്നത്തിന്റെ മികവല്ല, ഉൽപാദകന്റെ ചെട്ടിമിടുക്കാണ് പരസ്യത്തിൽ പ്രകാശിക്കുക. അത് ഉൽപന്നത്തിന്റെ മികവായി തെറ്റിദ്ധരിച്ച് ഉപഭോക്താക്കൾ ഓടിക്കൂടും. പക്ഷേ, എൽ.ഡി.എഫ് സർക്കാറിന്റെ പരസ്യത്തിൽ കേരളീയൻ അങ്ങനെ ചെന്നു വീഴുമെന്ന് തോന്നുന്നില്ല. കാരണം, ദിവസത്തിൽ രണ്ടുനേരം ഉണ്ണുന്ന ഓരോ പിടി ചോറിലൂടെയും സർക്കാറിന്റെ യഥാർഥ രുചി ആസ്വദിച്ചുകൊണ്ടിരിക്കുകയാണവൻ.

അച്യുതാനന്ദൻ മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ 10-13 രൂപയായിരുന്ന അരിവില ഇന്ന് 20-25 രൂപയാണ്. ദാരിദ്ര്യരേഖക്കു താഴെയുള്ളവർ മാത്രമല്ല, അതിനു മുകളിലുള്ളവരിലും നല്ലൊരു വിഭാഗം വിശന്നു വലയുമ്പോൾ ആഗോള പ്രതിഭാസം, കേന്ദ്രത്തിന്റെ തെറ്റായ നയങ്ങൾ, മുൻ ഗവൺമെന്റിന്റെ ദുർഭരണം എന്നിങ്ങനെ കുറേ വിശദീകരണങ്ങളാണ് സർക്കാർ നൽകുന്നത്. ജനങ്ങൾക്കാവശ്യം വിശദീകരണങ്ങളല്ല, അവശ്യ സാധനങ്ങളുടെ വില അവരുടെ വരുമാന പരിധിയിലൊതുക്കുകയാണ്. ഈ പ്രശ്നം തെല്ലെങ്കിലും പരിഹരിക്കാൻ ഉതകുന്ന നീക്കമാണ് ഭക്ഷ്യ സുരക്ഷാ പദ്ധതി. പക്ഷേ ആ പദ്ധതി എവിടെയും എത്തിയിട്ടില്ല. ജനങ്ങൾ ഭക്ഷ്യക്ഷാമം കൊണ്ട് പൊറുതിമുട്ടുമ്പോൾ പദ്ധതിയുടെ മൂപ്പിൽ സ്ഥാനത്തെക്കുറിച്ചും ഫണ്ടിനെക്കുറിച്ചും, ഘടക കക്ഷികൾക്കിടയിലും മന്ത്രിസഭക്കുള്ളിലും കലശലായ വാക്കേറ്റവും ഉന്തും തള്ളും നീണ്ടുപോവുകയാണ്. കേരളത്തിന്റെ അഭിമാനമായിരുന്ന കേരള മോഡൽ ആരോഗ്യ-വിദ്യാഭ്യാസ സമ്പ്രദായങ്ങൾ തകർന്നുകൊണ്ടേയിരിക്കുന്നു. ആതുരാലയങ്ങളിൽ സൗകര്യങ്ങളില്ല, ഔഷധങ്ങളില്ല, ആവശ്യത്തിന് ഡോക്ടർമാരില്ല. ഉള്ളവർ പണിമുടക്കിലും. വിദ്യാഭ്യാസരംഗത്ത് സ്വകാര്യ മാനേജ്മെന്റുകൾക്ക് മൂക്കുകയറിടാൻ ഇറങ്ങിയ സർക്കാറിനെ സംഘടിത സ്വകാര്യ മാനേജ്മെന്റുകൾ മൂക്കുകയറിട്ടിരിക്കുകയാണ്. സെക്കന്ററി തലത്തിൽ നടപ്പിലാക്കിയ ഉദാരവത്കൃത മൂല്യനിർണയത്തിലൂടെ വിജയശതമാനം നൂറിനോടടുപ്പിക്കാൻ കഴിഞ്ഞെങ്കിലും അതേ അനുപാതത്തിൽ നിലവാരം താഴുകയും ചെയ്തിരിക്കുന്നു. സാമാന്യ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം, കുട്ടികളെ ലൈംഗികതയും നിരീശ്വരത്വവും അഭ്യസിപ്പിക്കുന്നതിലാണ് സർക്കാറിനു താൽപര്യം. സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ പെരുകിക്കൊണ്ടേയിരിക്കുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് 18 പേരാണ് പോലീസ് കസ്റ്റഡിയിൽ മരിച്ചത്. സംസ്ഥാനത്ത് നടക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ മുഖ്യപ്രതികൾ ഭരണമുന്നണിയിലെ മുഖ്യ കക്ഷി തന്നെയാണ്. ഗവൺമെന്റിന്റെ കടം 60000 കോടി രൂപയായി വർധിച്ചിരിക്കുന്നു. 400 കോടിയോളം രൂപ പലിശ യടവിനു മാത്രം വേണം. 'ലക്കിവാറ്റ്' ചീറ്റിപ്പോയ മട്ടാണ്. വ്യവസായരംഗത്തെ മുരടിപ്പ് തുടരുന്നു. വൻ കമ്പനികളൊന്നും കേരളത്തിൽ മുതൽ മുടക്കിയില്ല. കേവലം 40 ചെറുകിട കമ്പനികളാണ് രജിസ്റ്റർ ചെയ്തത്. 600ഓളം കർഷകർ ആത്മഹത്യ ചെയ്തതും കുട്ടനാട്ടിലെ കൊയ്ത്ത് യന്ത്രത്തർക്കത്തിൽ പെട്ട് 50000 ടൺ നെല്ല് നശിച്ചുപോയതുമാണ് കാർഷിക രംഗത്തെ പ്രധാന 'നേട്ടങ്ങൾ'. യു.ഡി.എഫ് ആയിരുന്നു അധികാരത്തിലെങ്കിലും ഇതൊക്കെ തന്നെയല്ലേ നടക്കുക എന്നു വിചാരിക്കുന്നതിലർഥമില്ല. യു.ഡി.എഫിൽനിന്ന് വ്യത്യസ്തമായ ഭരണം കൊതിച്ചുകൊണ്ടാണ് ജനങ്ങൾ എൽ.ഡി.എഫിന് മാൻഡേറ്റ് നൽകിയത് എന്ന കാര്യം വിസ്മരിച്ചുകൂടാ.

എൽ.ഡി.എഫ് ഗവൺമെന്റ് ജനങ്ങൾക്ക് ഒന്നും നൽകിയില്ല എന്ന് പറയുന്നില്ല. 41000 കർഷകരുടെ 25000 രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളിയതും കണ്ണൂരിലെ ആദിവാസികൾക്ക് ഒരു ഏക്കർ വീതം ഭൂമി നൽകിയതും സർക്കാറിന്റെ ശ്ലാഘനീയമായ നടപടികളാണ്. ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കാനുള്ള ത്വരിതമായ ശ്രമവും അവഗണിക്കാവതല്ല. പ്ലസ്ടു പ്രവേശനത്തിന് ഏർപ്പെടുത്തിയ ഏകജാലക സമ്പ്രദായവും ഏഴാംതരം വരെ പാഠപുസ്തകം സൗജന്യമാക്കിയതും ഉച്ചഭക്ഷണ വിതരണത്തിൽ ഹൈസ്കൂളുകളെ കൂടി ഉൾപ്പെടുത്തിയതും വിദ്യാർഥികൾക്ക് ആശ്വാസകരമാണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കുന്നതിന് നിയുക്തമായ പാലോളി കമ്മിറ്റി ശിപാർശകൾ സർക്കാർ അംഗീകരിച്ചതും നടപ്പിലാക്കാനാരംഭിച്ചതും മുസ്‌ലിം സമുദായത്തിന് ഏറെ പ്രതീക്ഷ നൽകുന്ന നടപടിയാണ്.

ഘടക കക്ഷികൾക്കിടയിലും കക്ഷികൾക്കുള്ളിലും മന്ത്രിമാർ തമ്മിലും എല്ലാം ഉള്ള പടലപിണക്കങ്ങളും പാർട്ടികളുടെ അമിതമായ ഇടപെടലുകളുമാണ് ഈ ഗവൺമെന്റിന് തക്ക സമയത്ത് തീരുമാനങ്ങളെടുക്കാനും നടപടികളിലേർപ്പെടാനും തടസ്സമാകുന്നത്. മുന്നണിയിൽ വേണ്ടത്ര പരസ്പര ധാരണയും കക്ഷികൾക്ക് കെട്ടുറപ്പുമുണ്ടായിരുന്നുവെങ്കിൽ കുറേകൂടി ജനോപകാരപ്രദമായ പ്രവർത്തനം കാഴ്ചവെക്കാൻ കഴിയുമായിരുന്നു. ഇനിയും മൂന്നു കൊല്ലം ബാക്കിയുണ്ട്. ഈ കാലമെങ്കിലും നന്നായി ഉപയോഗിക്കാൻ അച്യുതാനന്ദൻ ഗവൺമെന്റ് തയാറാകണം. ഇല്ലെങ്കിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.ഡി.എഫിനു നൽകിയ ശിക്ഷ തന്നെ അടുത്ത തെരഞ്ഞെടുപ്പിൽ ജനങ്ങൾ എൽ.ഡി.എഫിന് നൽകും. ■